**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **05-12-2022 - ൽ മറുപടിയ്ക്ക്**

**പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് വിപുലീകരണത്തിനു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് വിപുലീകരണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബസ് സ്റ്റാൻറ് നിർമ്മാണത്തിന് അനുയോജ്യമാണെങ്കിലും പ്രസ്തുത ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം എന്ന വിഭാഗത്തിൽ പെടുന്നതാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, വകുപ്പ് 27 എ(6) പ്രകാരം പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിയ്ക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലുള്ള വാണിജ്യ കെട്ടിടം നിർമ്മിയ്ക്കുന്നതിനും മാത്രമാണ് വ്യവസ്ഥയുള്ളത്. 27 എ (8, 9) വകുപ്പുകൾ പ്രകാരം ഏതെങ്കിലും പൊതു ആവശ്യത്തിലേയ്ക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തലിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെയും സർക്കാരിൻറെയും അനുമതി ആവശ്യമാണ്. നിലവിൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻറ് വിപുലീകരണത്തിനു സ്ഥലം ഏറ്റെടുക്കുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം അനുവദിച്ചിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് വിപുലീകരണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബസ് സ്റ്റാൻറ് നിർമ്മാണത്തിന് അനുയോജ്യമാണെങ്കിലും പ്രസ്തുത ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം എന്ന വിഭാഗത്തിൽ പെടുന്നതാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, വകുപ്പ് 27 എ(6) |

| | | | |
|---|---|---|---|
| | | | പ്രകാരം പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിയ്ക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലുള്ള വാണിജ്യ കെട്ടിടം നിർമ്മിയ്ക്കുന്നതിനും മാത്രമാണ് വ്യവസ്ഥയുള്ളത്. 27 എ (8, 9) വകുപ്പുകൾ പ്രകാരം ഏതെങ്കിലും പൊതു ആവശ്യത്തിലേയ്ക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തലിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെയും സർക്കാരിൻറെയും അനുമതി ആവശ്യമാണ്. നിലവിൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻറ് വിപുലീകരണത്തിനു സ്ഥലം ഏറ്റെടുക്കുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ